പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6421 08.07.2014-ൽ മറുപടിക്ക്

## നിലവാരമില്ലാത്ത ടിക്കറ്റ് വെൻഡിംഗ് മെഷീനുകൾ

ചോദ്യം

ഉത്തരം

ശ്രീ. ഇ. ചന്ദ്രശേഖരൻ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2014 ജനുവരി ഒന്നിന് ശേഷം കെ. എസ്.ആർ.ടി.സി. എത്ര ഇലക്ട്രോണിക് ടിക്കറ്റ് വെൻഡിംഗ് മെഷീൻ വാങ്ങിയിട്ടുണ്ട്; | (എ) | 2850 എണ്ണം. |
| (ബി) | ഏത് കമ്പനിയിൽ നിന്നും, എത്ര ലക്ഷം രൂപയ്ക്കാണ് പ്രസ്തുത ടിക്കറ്റ് വെൻഡിംഗ് മെഷീൻ വാങ്ങിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ക്വാണ്ടം പവർ സിസ്റ്റംസ്, ബാംഗ്ലൂർ എന്ന കമ്പനിയിൽ നിന്നും ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ ഒന്നിന് 9500/- രൂപ നിരക്കിൽ 3.8 കോടി രൂപക്കാണ് വാങ്ങിയിട്ടുള്ളത്. |
| (സി) | ചില മെഷീനുകൾ നിലവാരമില്ലാത്തതും, പൊട്ടിത്തെറിച്ചതായുമുള്ള വ്യാപക പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | നാളിതുവരെ ഉപയോഗിച്ച ഇ.റ്റി.എം. മെഷീനുകളിൽ വെള്ളനാട് യൂണിറ്റിലെ ഒരെണ്ണം ബോർഡിന്റെ ഷോർട്ട് സർക്യൂട്ട് കാരണം കത്തിപ്പോയി. മറ്റു പരാതികൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല. |
| (ഡി) | എങ്കിൽ പ്രസ്തുത കമ്പനിക്കെതിരെയും, കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥർക്കെതിരെയും ഇതുമായി ബന്ധപ്പെട്ട് എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വിശദമാക്കാമോ? | (ഡി) | കത്തിപ്പോയ മെഷീനുപകരം പുതിയ മെഷീൻ കമ്പനിയുടെ സ്വന്തം ചെലവിൽ കോർപ്പറേഷന് നൽകുകയുണ്ടായി. |

സെക്ഷൻ ഓഫീസർ